

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മേലില ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KLM/P11-1407/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 17/08/2024
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മേലില ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മേലില ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മേലില ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KLM/P11-1407/24 തീയ്യതി: 17/08/2024

കൊല്ലം ജില്ലയിലെ മേലില ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ മേലില ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 22-07-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.സജികുമാർ ജി.	ഡെപ്യൂട്ടി ഡയറക്ടർ	11-07-2024	22-07-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
11-07-2024	22-07-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിജറാണി എസ്, ഓഡിറ്റ് ഓഫീസർ
ശ്രീ. അരുൺകുമാർ എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ജയകുമാരിഅമ്മ ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ശ്രീകുമാർ എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രമതി.താര	പ്രസിഡന്റ്	01-04-2023	01-01-2024
ശ്രീ.അനിൽകുമാർ	പ്രസിഡന്റ്	01-01-2024	24-01-2024
ശ്രീമതി.ശ്രീജ.പി	പ്രസിഡന്റ്	25-01-2024	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.സുനിത.ജി.എസ്	സെക്രട്ടറി	01-04-2023	31-03-2024
ശ്രീമതി.ഷമീല ബീബി	അസിസ്റ്റന്റ് സെക്രട്ടറി	01-04-2023	31-03-2024
ശ്രീമതി.രേഖ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2023	31-03-2024
ശ്രീ.സുധീഷ് കുമാർ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2023	31-03-2024
ശ്രീമതി.ഷീജാ മോൾ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	31-03-2024
ഡോ.ഡാരോൺ ജോസഫ്	വെറ്ററിനറി സർജൻ	01-04-2023	31-03-2024
ഡോ.ആമിന	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2023	31-03-2024
ഡോ.അജിത കുമാരി	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	01-04-2023	31-03-2024
ശ്രീ. ലിജുജോൺ	കൃഷി ഓഫീസർ	01-04-2023	13-08-2023
ശ്രീ. നിഖിൽ. കെ	കൃഷി ഓഫീസർ	14-08-2023	10-01-2024
ശ്രീമതി. സുമയ്യ	കൃഷി ഓഫീസർ	11-01-2024	31-03-2024
ശ്രീമതി. ഹസീന	വി.ഇ.ഒ മേലില സർക്കിൾ	01-04-2023	31-03-2024
ശ്രീമതി.ദീപശ്രീ	വി.ഇ.ഒ ചെങ്ങമനാട് സർക്കിൾ	01-04-2023	16-07-2023
ശ്രീ. സുരേഷ് കുമാർ	വി.ഇ.ഒ	17-07-2023	31-03-2024
ശ്രീമതി. ആശ സി ആർ	ഹെഡ്മിസ്ട്രസ്	01-04-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല.	1-1-1
3	ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.	1-1-2
4	മൂന്ന് മാസത്തിലധികമായി പണമാക്കാത്ത ചെക്കുകൾ Stale Cheque ആയി ഉൾപ്പെടുത്തിയിട്ടില്ല	1-1-3
5	ബജറ്റ്	1-2
6	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)	1-3
7	ഫണ്ട് വിനിയോഗം	1-4
8	പദ്ധതി അവലോകനം	1-5
9	തൊഴിലുറപ്പ് പദ്ധതി	1-6
10	ക്ഷേമ പദ്ധതികൾ	1-7
11	ക്യാഷ് പരിശോധന	1-8
12	ആഭ്യന്തര നിയന്ത്രണം	1-9
13	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
14	കേരള നെൽവയൽ തണ്ണീർത്തടസംരക്ഷണ (ഭേദഗതി) നിയമം 2018 പ്രകാരമുള്ള ഫീസ് അടവാക്കിയെന്ന് ഉറപ്പുവരുത്താതെ കെട്ടിടനിർമ്മാണം റഗുലറൈസ് ചെയ്ത കെട്ടിട നമ്പർ അനുവദിച്ചു	1-11
15	വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നതു മൂലം വസ്തുനികുതിയിൽ നഷ്ടം	1-12
16	തൊഴിൽനികുതി -അപാകങ്ങൾ	1-13
17	300 ചതുരശ്ര മീറ്ററിന് മുകളിലുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണയിച്ചിട്ടില്ല	1-14
18	കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു പഞ്ചായത്തിന് നികുതി നഷ്ടം	1-15
19	അന്തിമ വിജ്ഞാപനത്തിൽ മൊബൈൽ ടവറുകളുടെ വസ്തുനികുതി നിരക്ക് ഉൾപ്പെടുത്തിയില്ല	1-16
20	വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടി പൂർത്തീകരിച്ചില്ല	1-17
21	കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിലെ അപാകത- ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം	1-18
22	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല.	1-19
23	ഭവനപുനരുദ്ധാരണം - പൂർത്തീകരിക്കാൻ അവശേഷിക്കുന്നു.	1-20
24	ലൈഫ് ഭവന പദ്ധതി - ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല.	1-21
25	മെൻസ്ട്രൽ കപ്പ് വിതരണം നടത്തിയില്ല-ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.	1-22
26	സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം പൂർണ്ണമായും പ്രവർത്തനസജ്ജമായില്ല.	1-23
27	വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയില്ല: 2,47,316/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-24
28	തെങ്ങുകൃഷി പുനരുദ്ധാരണം - തുക അധികം ചെലവഴിച്ചു	1-25
29	മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം തുക മുൻകൂറായി നൽകിയിട്ടും വിവിധ സ്ഥാപനങ്ങളിൽ നിന്നും മരുന്നുകൾ /ഉപകരണങ്ങൾ ലഭ്യമായില്ല.	1-26
30	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ	1-27

	പദ്ധതികൾ പ്രകാരം തുക മുൻകൂറായി നൽകിയിട്ടും വിവിധ സ്ഥാപനങ്ങളിൽ നിന്നും മരുന്നുകൾ /ഉപകരണങ്ങൾ ലഭ്യമായില്ല.	
31	ഹരിത കർമ്മ സേന-അവലോകനം	1-28
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
1	തെങ്ങുകൃഷി പുനരുദ്ധാരണം - തുക അധികം ചെലവഴിച്ചു	3-1
ഭാഗം **4**		
1	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ / വായ്പാതിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8
9	ചാർജ്/സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	അനുബന്ധപത്രികകൾ	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. മേലില ഗ്രാമ പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 24-05-2024 തീയതിയിലെ 1(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 30-05-2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മേലില ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കൊല്ലം
തീയതി: 17-08-2024.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

1-1-1 വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല.

റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ എന്നിവ വാർഷിക കണക്കിനൊപ്പം ഉൾപ്പെട്ടിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ഓപ്പറേറ്റിങ്, ഇൻവെസ്റ്റിങ്, ഫിനാൻസിങ് പ്രവൃത്തികളിൽ ജനറേറ്റ് ചെയ്ത ക്യാഷ് = 64,15,258/-രൂപ

മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം (40a - 40b) = 91,33,927/-രൂപ

വ്യത്യാസം = 27,18,669/-രൂപ

1-1-3 മൂന്ന് മാസത്തിലധികമായി പണമാക്കാത്ത ചെക്കുകൾ Stale Cheque ആയി ഉൾപ്പെടുത്തിയിട്ടില്ല

മൂന്ന് മാസത്തിലധികമായി പണമാക്കാത്ത ചെക്കുകൾ Stale Cheque ആയി ഉൾപ്പെടുത്തിയിട്ടില്ല.
ചെക്ക് നം. 22300641/19-09-23- 13,650/-രൂപ (അക്കൗണ്ട് നം – 506392833).

1-2 ബജറ്റ്

25-02-2023 ലെ 1(1) നം. തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു. അംഗീകരിച്ച ബജറ്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
27.32 കോടി രൂപ വരവും 26.88 കോടി രൂപ ചെലവും 44 ലക്ഷം രൂപ മിച്ചവും പ്രതീക്ഷിച്ചിരുന്ന ബജറ്റ് ആണ് അംഗീകരിച്ചിരുന്നതെങ്കിലും, തൻവർഷം യഥാർത്ഥത്തിലുള്ള വരവ് ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പത്രിക പ്രകാരം 14.23 കോടി രൂപ വരവും 14.10 കോടി രൂപ ചെലവും 13.75 ലക്ഷം രൂപ മിച്ചവും കാണിക്കുമ്പോൾ റസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ ആകെ വരവ് 8.26 കോടി രൂപയും ആകെ ചെലവ് 4.46 കോടി രൂപയും നീക്കിബാക്കി 3.79 കോടി രൂപയുമാണ്. പുതുക്കിയ ബജറ്റ് ഭരണസമിതിയുടെ 08.08.2023 തീയതിയിലെ 5(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റും യഥാർത്ഥ കണക്കുകളും തമ്മിൽ വലിയ അന്തരമുള്ളതിനാൽ സ.ഉ.(ആർ.ടി) നം. 3291/2016/LSGD/ 02.12.2016 പ്രകാരം അംഗീകരിച്ചിട്ടുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ബജറ്റ് മാന്വൽ പ്രകാരം ബജറ്റ് തയ്യാറാക്കേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	2,88,15,454/-രൂപ
വരവ്	5,37,61,026/-രൂപ
ആകെ	8,25,76,480/-രൂപ
ചെലവ്	4,46,27,099/-രൂപ
നീക്കിയിരിപ്പ്	3,79,49,381/-രൂപ
വരവിനങ്ങളിലുള്ള നഷ്ടം	-
ചെലവിനങ്ങളിലുള്ള നഷ്ടം	10,800/-രൂപ
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	6,39,084/-രൂപ

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	ഒ.ബി ₹	വരവ് ₹	ആകെ ₹	ചെലവ് ₹	ലാപ്സായ തുക ₹
വികസന ഫണ്ട്-ജനറൽ	0	17732000/-	17732000/-	17340861/-	391139/-
വികസന ഫണ്ട്-എസ്.സി.പി	0	9984000/-	9984000/-	8530810/-	1453190/-
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ടൈഡ് ബാങ്ക്	4466039/-	2202000/-	6668039/-	1098968/-	5569071/-
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ബേസിക് ഗ്രാന്റ് – അൺടൈഡ് ബാങ്ക്	304441/-	3068472 (2936000/- +132472/- (പലിശ))	3372913/-	1267720/-	2105193/-

മെയിന്റനൻസ്, റോഡ്	0	15899350/-	15899350/-	8636657/-	7262693/-
മെയിന്റനൻസ്, നോൺ-റോഡ്	0	2889400/-	2889400/-	2729987/-	159413/-
4328206**കേന്ദ്രാവിഷ്കൃത ഫണ്ടുകൾ**					
MGNREGS	1092566/-	1127598/-	2220164/-	2215183/-	4981/-
ശുചിത്വമിഷൻ ഗ്രാന്റ്	883101/-	0	883101/-	383941/-	499160/-
ഐ.സി.ഡി.എസ്	841245/-	668100/-	1509345/-	517174/-	992171/-
TSC	1351602/-	12420/-	1364022/-	0	1364022/-
Health Grant Diagnostic Infrastructure To PHC	3019/-	844916/-	847935/-	842718/-	5217/-
Health Grant Conversion Of PHC And Subcenters	792/-	359077/-	359869/-	289894/-	69975/-
Health Grant Towards Buidingless Subcentres,PHCs And CHCs	0	2797654/-	2797654/-	0	2797654/-
സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ					
ലൈഫ് സംസ്ഥാനാവിഷ്കൃതം	2100000/-	4100000/-	6200000/-	3810000/-	2390000/-

1-5 പദ്ധതി അവലോകനം

2023-24 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ചതും, നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (രൂപ)	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് (രൂപ)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
237	175354715/-	107	65696128/-	90	40	45.14%

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരുപ്പ് ₹
ഭരണചെലവുകൾ MGNREGA A/c	10,92,566/-	1127598/-	2220164/-	2215183/-	4981/-
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	-	34204369/-	34204369/-	34204369/-	-

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക (രൂപ)
കർഷകതൊഴിലാളി പെൻഷൻ	13,47,600/-
വിധവാപെൻഷൻ	1,02,50,500/-
വാർദ്ധക്യകാലപെൻഷൻ	1,84,15,100/-
വികലാംഗപെൻഷൻ	36,25,800/-
50 വയസ്സുകഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ	3,07,600/-
വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം	60,000/-

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-07-2024 ൽ സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7328/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ പൊതുജീവിതത്തെ സ്വാധീനിക്കുന്ന ക്ഷേമ ചുമതലകളും സാമ്പത്തിക വികസന പ്രവർത്തനങ്ങളും നിർവ്വഹിക്കുന്നതിന് പര്യാപ്തമായ വിധത്തിൽ അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിച്ചുവരുന്നുണ്ട്.
നികുതി, നികുതിയേതര വരവുകൾ കൃത്യമായി നിർണ്ണയിച്ച് പിരിവ് നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. സ്വഭാവ വ്യതിയാനം വരുത്തിയ ഭൂമിയിൽ 3000 ച.അടിയിൽ കൂടുതൽ നിർമ്മാണ അനുമതി നൽകുമ്പോൾ ക്രമപ്രകാരമുള്ള ഫീസ് ഒടുക്കുവരുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്. കെട്ടിടത്തിന്റെ ആകെ വിസ്തൃതി കണക്കിലെടുത്ത് ക്രമവത്ക്കരണ ഫീസ് നിശ്ചയിക്കാത്തതുമൂലം ഗ്രാമപഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടായിരിക്കുന്നു. ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്ററും പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നതു മൂലം വസ്തുനികുതി ഈടാക്കുന്നതിൽ വലിയ കുറവുണ്ടാവുന്നതായി കാണുന്നു.

05.04.2023-ലെ സ.ഉ.(അച്ചടി) നം.25/2023/തസ്വഭവ (എസ്.ആർ.ഒ. നം.479/2023 തീയതി: 10.04.2023) പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ പരിധിയ്ക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് വിവിധയിനം കെട്ടിടങ്ങളുടെയും അവയുടെ ഉപവിഭാഗങ്ങളുടെയും അടിസ്ഥാന വസ്തുനികുതി നിരക്കുകൾ 27.04.2023-ലെ 2-ാം നമ്പർ തീരുമാനമായി ഭരണസമിതി യോഗം നിശ്ചയിച്ച് കരട് വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഈ വിജ്ഞാപന പ്രകാരം പാർപ്പിടാവശ്യത്തിനുള്ള 300M^2 താഴെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 9/- രൂപ നിരക്കിലാണ് വസ്തുനികുതി നിശ്ചയിക്കേണ്ടിയിരുന്നത്. ഇപ്രകാരം വസ്തുനികുതി നിർണ്ണയിക്കാതെ കെട്ടിടത്തിന് ചതുരശ്ര മീറ്ററിന് 4/- രൂപ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചതുമൂലം പഞ്ചായത്തിന് വസ്തു നികുതി ഇനത്തിൽ വരുമാനനഷ്ടം ഉണ്ടായി (ഖണ്ഡിക 1-17).
ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ ബാധകമായ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി മിതവ്യയം പാലിച്ച് ഫലപ്രാപ്തിയിലെത്തിക്കുന്നതിന് ഉതകുന്ന നിയന്ത്രണ/മേൽനോട്ട സംവിധാനങ്ങൾ കാര്യക്ഷമമാക്കാൻ ഭരണ നിർവഹണാധികാരികൾ ശ്രദ്ധിക്കേണ്ടതുണ്ട്. പദ്ധതി ആസൂത്രണ നിർവഹണ പ്രവർത്തനങ്ങൾ സമയബന്ധിതമായി ഫലപ്രാപ്തിയിലെത്തിക്കുന്നതിന് കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്.
മരാമത്ത് പ്രവൃത്തികളിൽ പദ്ധതി പണത്തിന്റെ മിതവ്യയം കണക്കിലെടുത്തിട്ടുണ്ട് എന്നും, ആരംഭിച്ച പദ്ധതികളിൽ സമയക്ലിപ്തത പാലിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട് എന്നും ഓഡിറ്റ് നിരീക്ഷിക്കുന്നു.
ഭവനനിർമ്മാണം/ഭവനപുനരുദ്ധാരണം എന്നീ പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കേണ്ടതാണ്.
ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട് അവശ്യ മരുന്നുകളുടെ ലഭ്യത സമയബന്ധിതമായി ഉറപ്പാക്കുന്നതിന് കൂടുതൽ ശ്രദ്ധ അനിവാര്യമാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	10.11.2022	7/2022-09/2022	10.11.2022
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	12.03.2018 - 22.03.2018	2012-13 To 2016-17	10.05.2018

1-11 കേരള നെൽവയൽ തണ്ണീർത്തടസംരക്ഷണ (ഭേദഗതി) നിയമം 2018 പ്രകാരമുള്ള ഫീസ് അടവാക്കിയെന്ന് ഉറപ്പുവരുത്താതെ കെട്ടിടനിർമ്മാണം റഗുലറൈസ് ചെയ്ത കെട്ടിട നമ്പർ അനുവദിച്ചു

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം 2018 പ്രകാരമുള്ള ഫീസ് അടവാക്കിയെന്ന് ഉറപ്പുവരുത്താതെ കെട്ടിടനിർമ്മാണം റഗുലറൈസ് ചെയ്ത് കെട്ടിട നമ്പർ അനുവദിച്ചതുമൂലം സർക്കാരിന്

53,734/-രൂപ നഷ്ടമാകുന്ന സാഹചര്യമുണ്ടായി. വി. എൽ. ജോൺ, കുന്നൂർ ബംഗ്ലാവ്, മേലില എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കൊട്ടാരക്കര താലൂക്കിൽ മേലില വില്ലേജിൽ ബ്ലോക്ക് നമ്പർ 16 ൽ റീസർവ്വേ നമ്പർ 82/19-2,82/9-3 ൽ ഉൾപ്പെട്ട 6 ആർ 88 ച.മീ. നിലം കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം 2018 അടിസ്ഥാനത്തിൽ പുനലൂർ റവന്യൂ ഡിവിഷൻ ഓഫീസറുടെ ഫയൽ നമ്പർ 272/2022, 271/2022 തീയതി 07-02-2023 നമ്പർ നടപടിക്രമപ്രകാരം സ്വഭാവ വ്യതിയാനം വരുത്തി പൂരയിടമാക്കിയിരുന്നു. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം 2018 പ്രകാരം സ്വഭാവ വ്യതിയാനം വരുത്തിയ ഭൂമിയിൽ 3000 ചതുരശ്ര അടി വരെ വിസ്തീർണമുള്ള കെട്ടിടങ്ങൾ മാത്രമാണ് ഫീസ് ഇളവോടുകൂടി നിർമ്മിക്കാൻ സാധിക്കുന്നത്. അതിനുമുകളിൽ നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് ചതുരശ്ര അടിയ്ക്ക് 100/- രൂപ ക്രമത്തിൽ ഫീസ് അടയ്ക്കേണ്ടതാണ്. മേൽപ്പറഞ്ഞ സർവ്വേ നമ്പരിൽ ഉൾപ്പെട്ട സ്ഥലത്ത് 328.63 ചതുരശ്ര മീറ്റർ (3537.34 ചതുരശ്ര അടി) വാണിജ്യ കെട്ടിട നിർമ്മാണം 2023-24 സാമ്പത്തിക വർഷത്തിൽ റഗുലറൈസ് ചെയ്ത കെട്ടിട നമ്പർ (15/714) അനുവദിച്ചു. സ്വഭാവ വ്യതിയാനം വരുത്തിയ ഭൂമിയിൽ 3000 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടം നിർമ്മിച്ചതിനാൽ 537.34 ചതുരശ്ര അടിയ്ക്ക് (3537.34-3000) ഓരോ ചതുരശ്ര അടിയ്ക്കും 100/-രൂപ നിരക്കിൽ 53,734/-രൂപ സർക്കാരിലേക്ക് ഒടുക്കുവരുത്തേണ്ടതായിരുന്നു. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം 2018 അടിസ്ഥാനത്തിൽ പുനലൂർ റവന്യൂ ഡിവിഷൻ ഓഫീസറുടെ ഫയൽ നമ്പർ 272/2022, 271/2022 തീയതി 07-02-2023 നമ്പർ നടപടിക്രമത്തിൽ സ്വഭാവ വ്യതിയാനം വരുത്തിയ ഭൂമിയിൽ 3000 ചതുരശ്ര അടിയിൽ കൂടുതൽ നിർമ്മാണ അനുമതി നൽകുന്ന സാഹചര്യത്തിൽ നിയമപ്രകാരമുള്ള ഫീസ് ഒടുക്കുവരുത്തിയെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം എന്ന് വ്യക്തമാക്കിരുന്നു. എന്നാൽ നിയമപ്രകാരമുള്ള ഫീസ് സർക്കാരിലേക്ക് ഒടുക്കുവരുത്തിയെന്ന് ഉറപ്പുവരുത്താതെ കെട്ടിടനിർമ്മാണം റഗുലറൈസേഷൻ ചെയ്തതു വഴി സർക്കാരിന് 53,734/-രൂപ നഷ്ടമാകുന്ന സാഹചര്യമാണുള്ളത്. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം 2018 പ്രകാരമുള്ള ഫീസ് അടവാക്കുന്നതിന് നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ രേഖകൾ ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (എൻകയറി നമ്പർ 8/2024 തീയതി 19-07-2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-12 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നതു മൂലം വസ്തുനികുതിയിൽ നഷ്ടം

ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്സ്മെന്റ് രജിസ്റ്ററും പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നതു മൂലം വസ്തുനികുതിയിൽ വലിയ കുറവുണ്ടാവുന്നതായി കാണുന്നു. 05.04.2023-ലെ സ.ഉ.(അച്ചടി) നം.25/2023/തസ്വഭവ (എസ്.ആർ.ഒ. നം. 479/2023 തീയതി: 10.04.2023) പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ പരിധിക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് വിവിധയിനം കെട്ടിടങ്ങളുടെയും അവയുടെ ഉപവിഭാഗങ്ങളുടെയും അടിസ്ഥാന വസ്തുനികുതി നിരക്കുകൾ 27.04.2023-ലെ 2-ാം നമ്പർ തീരുമാനമായി ഭരണസമിതി യോഗം നിശ്ചയിച്ച് കരട് വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇതുപ്രകാരം 500 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 95/-രൂപയാണ് നിരക്ക്. 500 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണയിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വാർഡ് നമ്പർ/ കെട്ടിട നമ്പർ	ഉടമയുടെ പേര്	ച.മീ.	നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി (₹) (ച. മീറ്ററിന് 75/-രൂപ നിരക്കിൽ + 20% വർദ്ധനവ് + Lc)	നിർണ്ണയിക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തുനികുതി (₹) (ച. മീറ്ററിന് 95/-രൂപ നിരക്കിൽ + 20% വർദ്ധനവ് + Lc - ഒന്നാം നിലയുടെ ഇളവ്)	അടിസ്ഥാന വസ്തുനികുതിയിൽ കുറവുണ്ടായ തുക (₹)
2/755	ജോർജ്ജ് തോമസ്	324.02	30,619/-	38,784/-	8,165/-

2/756	ജോർജ്ജ് തോമസ്	412.63	38,993/-	49,392/-	10,399/-
	ആകെ				18,564/-

വസ്തുനികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി- 13/19.07.2024.

1-13 തൊഴിൽനികുതി -അപാകങ്ങൾ

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. തൊഴിൽ നികുതി അസ്സസ്സ് ചെയ്യുന്നതിനും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവുന്നില്ല.

ആകെ 75 സ്ഥാപനങ്ങളിൽ നിന്നുമാണ് ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് പിരിച്ചെടുത്തിട്ടുള്ളത്. അവയിൽ ഭൂരിപക്ഷം സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളാണ്. ഗ്രാമ പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് 251 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അവയിൽ ഏതാനും സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നു മാത്രമേ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുള്ളൂ. ലൈസൻസ് നേടിയ ഭൂരിപക്ഷം സ്ഥാപനങ്ങളിലും രണ്ടോ അതിലധികമോ ജീവനക്കാർ തൊഴിലെടുക്കുന്നുണ്ട്. പഞ്ചായത്ത് പ്രദേശത്ത് സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ ഉൾപ്പെടെയുള്ള തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഇത്തരത്തിൽ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരിൽ നിന്നും നികുതി പിരിച്ചെടുക്കാത്തത് മൂലം പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവുന്നുണ്ട്.

1. 2023-24 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുള്ള സംരംഭക ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

സ്ഥാപനത്തിന്റെ പേര്	ലൈസൻസ് അപേക്ഷകൾ പ്രകാരം ജീവനക്കാരുടെ എണ്ണം
എ.വി.എം. ഇന്റർലോക്ക് ബ്രിക്ക്സ്, മേലില ഈസ്റ്റ്	4
എഴുത്താണി റസ്റ്റോറന്റ്, കരിക്കം	10
ടീം തായ് ആഷിക്ക് എന്റർപ്രൈസസ്, ചെങ്ങമനാട്	5
ലക്ഷ്മി എഡിബിൾസ്, ചെങ്ങമനാട്	4
പോൾസൺ ടിംബേഴ്സ്, സാമിൽ വില്ലർ ജംഷൻ	6
ഗ്രാന്റ് റസ്റ്റോറന്റ്, ചെങ്ങമനാട്	4
ശ്രീകൈലാസം ട്രേഡേഴ്സ്	5
എസ്.എം. വുഡ്സ് ഇൻഡസ്ട്രീസ്, ചേത്തടി	3

മുകളിൽ പറഞ്ഞ സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരേയും നികുതി പരിധിയിൽ കൊണ്ടുവരുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

2. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മേലില പോസ്റ്റ് ഓഫീസിലെ ചുവടെ ചേർക്കുന്ന ജീവനക്കാരുടെ തൊഴിൽനികുതി വ്യത്യസ്ത നിരക്കിലാണ് ഈടാക്കിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

ജീവനക്കാരുടെ പേര്	തസ്തിക	അടിസ്ഥാന ശമ്പളം + മറ്റ് ആനുകൂല്യങ്ങൾ 2023-24 Ist Half (₹)	2023-24 ഒന്നാം അർദ്ധവർഷം ഈടാക്കിയ നികുതി (₹)	അടിസ്ഥാന ശമ്പളം + മറ്റ് ആനുകൂല്യങ്ങൾ 2023-24 IInd Half	2023-24 രണ്ടാം അർദ്ധവർഷം ഈടാക്കിയ നികുതി (₹)

				(₹)	
ആദർശ് രവീന്ദ്രൻ	GDSABPM (Melila)	108546/-	1000/-	125379/-	1000/-
രാധാകൃഷ്ണപിള്ള വി	GDSABPM (Melila)	133848/-	1250/-	155601/-	1000/-

ടി ജീവനക്കാരുടെ വരുമാന നിർണ്ണയ പത്രികകൾ പ്രകാരം 2023-24 രണ്ടാം അർദ്ധവർഷത്തിൽ ഇവരിൽ നിന്നും 1250/-രൂപ ക്രമം തൊഴിൽ നികുതി ഈടാക്കേണ്ടതായിരുന്നു.

മേൽ പറഞ്ഞ അപാകങ്ങൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മേലില പോസ്റ്റ് ഓഫീസിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിലെ കുറവ് ഓഡിറ്റ് എൻക്വയറിയെ തുടർന്ന് ഒടുക്കുവരുത്തി എന്ന മറുപടി ലഭ്യമാക്കി. ഇതര സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 17/19.07.2024.

1-14 300 ചതുരശ്ര മീറ്ററിന് മുകളിലുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണയിച്ചിട്ടില്ല

05.04.2023-ലെ സ.ഉ. (അച്ചടി) നം. 25/2023/തസ്വഭവ (എസ്.ആർ.ഒ. നം. 479/2023 തീയതി : 10.04.2023) പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ പരിധിയ്ക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് വിവിധയിനം കെട്ടിടങ്ങളുടെയും അവയുടെ ഉപവിഭാഗങ്ങളുടെയും അടിസ്ഥാന വസ്തുനികുതി നിരക്കുകൾ 27.04.2023-ലെ 2-ാം നമ്പർ തീരുമാനമായി ഭരണസമിതി യോഗം നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇതുപ്രകാരം 300 ചതുരശ്ര മീറ്ററിന് മുകളിലുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 11/-രൂപയാണ് നിരക്ക്. 300 ചതുരശ്ര മീറ്ററിന് താഴെ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 9/- രൂപയാണ് നിരക്ക്. വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്ററും, സഞ്ചയ സോഫ്റ്റ്വെയറും പരിശോധിച്ചതിൽ 300 ചതുരശ്ര മീറ്ററിന് മുകളിലുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണയിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വാർഡ് നമ്പർ/ കെട്ടിട നമ്പർ	ഉടമയുടെ പേര്	ച.മീ.	നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി (₹) [(ച. മീറ്ററിന് 9/-രൂപ നിരക്കിൽ+20%വർദ്ധനവ്+ തറനിർമ്മിതി)+5%lc]	നിർണ്ണയിക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തുനികുതി (₹) [(ച.മിറ്ററിന് 11/- രൂപ നിരക്കിൽ+20%വർദ്ധനവ്+ തറനിർമ്മിതി)+5%lc]	വസ്തുനികുതിയിൽ കുറവുണ്ടായ തുക (₹)
12/654	അജൻ കെ ഉമ്മൻ	396.56	5,057/-	6,181/-	1,124/-

വസ്തുനികുതി പുനർനിർണ്ണയിച്ച് തുക ഈടാക്കുമെന്ന് ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി-13/18-07-2023) മറുപടി ലഭ്യമാക്കിയിരുന്നു. കൂടിശ്ശിക സഹിതം ഈടാക്കി രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-15 കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു പഞ്ചായത്തിന് നികുതി നഷ്ടം

ശ്രീ. ജയചന്ദ്രൻ/അപർണ്ണ, ലക്ഷ്മി നിവാസ്, വെട്ടിക്കവല എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള (വാർഡ് നമ്പർ 11 ൽ കെട്ടിട നമ്പർ 204) കെട്ടിടത്തിൽ കൂട്ടിച്ചേർക്കലുകൾ വരുത്തിയതുൾപ്പെടെയുള്ള 229.97M^2 വിസ്തീർണ്ണത്തിന് 2023-24 സാമ്പത്തിക വർഷം നികുതി നിർണ്ണയിച്ചു. അസസ്മെന്റ് രജിസ്റ്റർ പ്രകാരം 85M^2 വിസ്തീർണ്ണമാണ് ഈ കെട്ടിടത്തിന് ഉണ്ടായിരുന്നത്. കെട്ടിടത്തിൽ കൂട്ടിച്ചേർക്കൽ വരുത്തിയത് 144.97M^2 ആണ്. നിലവിലുള്ള കെട്ടിടങ്ങളോടൊപ്പം കൂട്ടിച്ചേർക്കലുകൾ വരുത്തിയിട്ടുള്ള സംഗതിയിൽ കാലപ്പഴക്കം നിശ്ചയിക്കുന്നത് ആ കെട്ടിടത്തിന്റെ 50 ശതമാനത്തിലധികം വരുന്ന ഭാഗത്തിന്റെ കാലപ്പഴക്കത്തെ അടിസ്ഥാനമാക്കിയാണെന്ന് പ്രിൻസിപ്പൽ ഡയറക്ടറുടെ 13-09-2023ലെ LSGD/PD/20073/2023-REV-2 നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിരുന്നു. 05.04.2023-ലെ സ.ഉ.(അച്ചടി) നം.25/2023/തസ്വഭവ (എസ്.ആർ.ഒ. നം.479/2023 തീയതി: 10.04.2023) പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ കുറഞ്ഞതും കൂടിയതുമായ പരിധികൾ

നിശ്ചയിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ പരിധിയ്ക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് വിവിധയിനം കെട്ടിടങ്ങളുടെയും അവയുടെ ഉപവിഭാഗങ്ങളുടെയും അടിസ്ഥാന വസ്തുനികുതി നിരക്കുകൾ 27.04.2023-ലെ 2-ാം നമ്പർ തീരുമാനമായി ഭരണസമിതി യോഗം നിശ്ചയിച്ച് കരട് വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഈ വിജ്ഞാപന പ്രകാരം പാർപ്പിടാവശ്യത്തിനുള്ള 300M^2 താഴെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ചതുര ശ്രമീറ്ററിന് 9/-രൂപ നിരക്കിലാണ് വസ്തുനികുതി നിശ്ചയിക്കേണ്ടിയിരുന്നത്. എന്നാൽ മേൽ പറഞ്ഞ കെട്ടിടത്തിന് ചതുര ശ്രമീറ്ററിന് 4/-രൂപ നിരക്കിലാണ് വസ്തുനികുതി നിർണ്ണയിച്ചത്. അതുമൂലം പഞ്ചായത്തിന് നികുതി നഷ്ടം ഉണ്ടായി. വിശദവിവരം ചുവടെ ചേർക്കുന്നു.

വാർഡ് നമ്പർ കെട്ടിട നമ്പർ	ഉടമയുടെ പേര്	ച.മീ	നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി (₹) [(ച. മീറ്ററിന് 4/- രൂപ നിരക്കിൽ-20% മേഖല ഇളവ്)+5% LC] (നിലവിലുള്ള നികുതിയിൽ പരിമിതപ്പെടുത്തി)	നിർണ്ണയിക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തുനികുതി (₹) [(ച. മീറ്ററിന് 9/-രൂപ നിരക്കിൽ-20% മേഖല ഇളവ്)+5%LC]	വസ്തുനികുതിയിൽ കുറവുണ്ടായ തുക (₹)
11/204	വി. ജയചന്ദ്രൻ	229.97M^2	578/-	1738/-	1160/-

വസ്തുനികുതി പുനർനിർണ്ണയിച്ച് തുക ഈടാക്കുമെന്ന് ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി-18/19-07-2023) മറുപടി ലഭ്യമാക്കിയിരുന്നു. കുടിശ്ശിക സഹിതം ഈടാക്കി രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-16 അന്തിമ വിജ്ഞാപനത്തിൽ മൊബൈൽ ടവറുകളുടെ വസ്തുനികുതി നിരക്ക് ഉൾപ്പെടുത്തിയില്ല

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 22.03.2023 -ലെ സ.ഉ.(കൈ)നം. 77/2023/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. 2023-24 മുതൽ പുതുതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്ത് പുതുക്കി നിശ്ചയിക്കേണ്ടതായുണ്ട്. ഇതിലേക്കായി 05.04.2023-ലെ സ.ഉ.(അച്ചടി) നം.25/2023/തസ്വഭവ (എസ്.ആർ.ഒ. നം.479/2023 തീയതി: 10.04.2023) പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ പരിധിയ്ക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് വിവിധയിനം കെട്ടിടങ്ങളുടെയും അവയുടെ ഉപവിഭാഗങ്ങളുടെയും അടിസ്ഥാന വസ്തുനികുതി നിരക്കുകൾ 27.04.2023-ലെ 2-ാം നമ്പർ തീരുമാനമായി ഭരണസമിതി യോഗം നിശ്ചയിച്ചിരുന്നു. 27.04.2023-ലെ 2-ാം നമ്പർ ഭരണസമിതി യോഗം തീരുമാനപ്രകാരം മൊബൈൽ ടവറുകളുടെ വസ്തുനികുതി ചതുരശ്ര മീറ്ററിന് 600/-രൂപ നിരക്കിലാണ്. എന്നാൽ അന്തിമ വിജ്ഞാപനത്തിൽ മൊബൈൽ ടവറുകളുടെ വസ്തുനികുതി നിരക്ക് ഉൾപ്പെടുത്തിയില്ല. വസ്തുനികുതി പരിഷ്കരണത്തിന് ശേഷം നികുതി നിർണ്ണയം നടത്തിയ മൊബൈൽ ടവറിന് ചതുരശ്രമീറ്ററിന് 500/- രൂപ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചതുമൂലം പഞ്ചായത്തിന് നികുതി നഷ്ടം ഉണ്ടായി. വിശദവിവരം ചുവടെ ചേർക്കുന്നു.

വാർഡ് നമ്പർ കെട്ടിട നമ്പർ	ഉടമയുടെ പേര്	ച.മീ.	നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി [(ച. മീറ്ററിന് 500രൂപ നിരക്കിൽ-10% മേഖല ഇളവ്) + 5% ലൈബ്രറി സെസ്സ്]	നിർണ്ണയിക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തുനികുതി [(ച.മീറ്ററിന് 600/-രൂപ നിരക്കിൽ-10% മേഖല ഇളവ്) + 5%lc]	വസ്തുനികുതിയിൽ കുറവുണ്ടായ തുക (₹)
9/571	ഇൻഡസ് ടവർ	8.77M^2	4144/-	4972/-	828/-

വസ്തുനികുതി പുനർനിർണ്ണയിച്ച് തുക ഈടാക്കുമെന്ന് ഓഡിറ്റ് എൻകൃയറിക്ക് (എൻകൃയറി-19/19-07-2023) മറുപടി ലഭ്യമാക്കിയിരുന്നു. കടിശ്ശിക സഹിതം ഈടാക്കി രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-17 വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടി പൂർത്തീകരിച്ചില്ല

1) ഫീൽഡ് പരിശോധന പൂർത്തിയാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 22.03.2023-ലെ സ.ഉ.(കൈ) നം. 77/2023/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം ഗ്രാമ പഞ്ചായത്തുകൾ ഫീൽഡ് പരിശോധന നടത്തി അനധികൃത നിർമ്മാണങ്ങൾ, അസസ്മെന്റ് രജിസ്റ്ററിലുള്ളതിനേക്കാൾ വിസ്തീർണത്തിൽ വ്യത്യാസമുള്ള കെട്ടിടങ്ങൾ, ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയ കെട്ടിടങ്ങൾ, എന്നിവ കണ്ടെത്തേണ്ടതും അത്തരം മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി പുനർ നിർണ്ണയിക്കേണ്ടതുമാണ്. എന്നാൽ കെട്ടിട സർവ്വെ നടത്തുന്നതിനുള്ള നടപടികൾ പഞ്ചായത്തിൽ ആരംഭിച്ചിട്ടുണ്ടെങ്കിലും ഇതുവരെ പൂർത്തിയാക്കിയിട്ടില്ല. 15 വാർഡുകളുള്ള പഞ്ചായത്തിൽ ആകെ 9632 കെട്ടിടങ്ങളുണ്ട്. ഇതിൽ 2583 കെട്ടിടങ്ങളുടെ സർവ്വെയാണ് പൂർത്തിയായിട്ടുള്ളത്. ബാക്കി 7049 കെട്ടിടങ്ങളുടെ സർവ്വെ പൂർത്തിയാക്കാനുണ്ട്. 2023-24 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ എന്നിവ പ്രകാരം നിരവധി ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്ന വാഹനങ്ങളുടെ ഷോറൂമുകൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്വെയറിൽ ഷോറൂമുകൾക്ക് ചെറിയ വിസ്തീർണ്ണത്തിലാണ് വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത്. പഞ്ചായത്തിലെ സാങ്കേതിക വിഭാഗത്തിന്റെ സഹായത്തോടെ സ്ഥലപരിശോധന നടത്തി പഞ്ചായത്തിലെ രേഖകളേക്കാൾ കൂടുതലായി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻകൃയറിയെ (എൻകൃയറി നമ്പർ 7/24തീയതി 18-07-2024) തുടർന്ന് പഞ്ചായത്തിലെ സാങ്കേതിക വിഭാഗത്തിന്റെ പരിശോധനയിൽ അനധികൃത കെട്ടിടനിർമ്മാണം നടത്തിയതായി കണ്ടെത്തി. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	കെട്ടിട നമ്പർ	കെട്ടിടയുടമയുടെ പേര്	സ്ഥാപനത്തിന്റെ പേര്	സഞ്ചയ സോഫ്റ്റ്വെയറിലെ വിസ്തീർണ്ണം	പഞ്ചായത്തിലെ സാങ്കേതിക വിഭാഗത്തിന്റെ സ്ഥലപരിശോധനയിൽ കണ്ടെത്തിയ വിസ്തീർണ്ണം
1	14/657	ജോൺ സാമുവൽ	ടാറ്റ മോട്ടോഴ്സ്	164.17m^2	518m^2
2	14/86 14/89 14/90	ഗീവർഗ്ഗീസ് പി.എം	സാരഥി മോട്ടോഴ്സ്	80m^2 170m^2 96m^2	1930m^2
3	14/719	ശ്രീരാജൻ	സ്ലീബ് അട്ടോമൊബൈൽസ്	230.97m^2	854m^2

മേൽ പറഞ്ഞ മൂന്ന് കെട്ടിടങ്ങളിലെ പരിശോധനയിൽ തന്നെ അനധികൃത കെട്ടിടനിർമ്മാണം നടന്നതായി ബോധ്യപ്പെട്ടു. ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ, ഉപയോഗക്രമത്തിലോ, ഏതെങ്കിലും ഘടകത്തിന്റെ കാര്യത്തിലോ, ഘടകത്തിന്റെ തരത്തിന്റെ കാര്യത്തിലോ കെട്ടിട ഉടമ വരുത്തുന്നതോ അല്ലെങ്കിൽ സ്വയം സംഭവിക്കുന്നതോ ആയ ഏതൊരു മാറ്റവും മുപ്പത് ദിവസത്തിനകം കെട്ടിട ഉടമ രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതുണ്ട്. ഈ ബാദ്ധ്യത കെട്ടിട ഉടമ നിറവേറ്റാത്തപക്ഷം സെക്രട്ടറിക്ക് അയാളുടെ മേൽ ആയിരം രൂപ അല്ലെങ്കിൽ പുതുക്കിയ വസ്തുനികുതി നിർണ്ണയം മൂലമുണ്ടാകുന്ന നികുതി വർദ്ധനവ് ഏതാണ് അധികമെങ്കിൽ അത് പിഴയായി ചുമത്താവുന്നതാണ്.

22.03.2023-ലെ സ.ഉ.(കൈ) നം. 77/2023/തസ്വഭവ ഉത്തരവ് പ്രകാരം 2023 മേയ് 15-ന് അകം വിവരങ്ങൾ അറിയിക്കുന്ന കെട്ടിട ഉടമകളെ ചട്ടം 17, 24 എന്നിവ പ്രകാരമുള്ള പിഴ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിരുന്നുവെങ്കിലും കെട്ടിടയുടമകൾ കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിൽ വരുത്തുന്ന മാറ്റങ്ങൾ അറിയിക്കുന്നില്ല എന്നതിന്റെ തെളിവാണ് മേൽ പറഞ്ഞ കെട്ടിടങ്ങൾ.

22.03.2023-ലെ സ.ഉ.(കൈ)നം. 77/2023/തസ്വഭവ ഉത്തരവ് പ്രകാരമുള്ള ഫീൽഡ് പരിശോധന അടിയന്തിരമായി പൂർത്തീകരിച്ച് അനധികൃത നിർമ്മാണങ്ങൾ, അസസ്മെന്റ് രജിസ്റ്ററിലുള്ളതിനേക്കാൾ വിസ്തീർണത്തിൽ വ്യത്യാസമുള്ള കെട്ടിടങ്ങൾ, ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയ കെട്ടിടങ്ങൾ, എന്നിവ കണ്ടെത്തേണ്ടതും അത്തരം മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി പുനർ നിർണ്ണയിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്ഥിരം സമിതിയുടെയും, പഞ്ചായത്ത് ഭരണ സമിതിയുടെയും സത്വര ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

2) റോഡുകൾ സഞ്ചയ റോഡ് മാസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203 ഉപവകുപ്പ് 7 (2) ഉപവകുപ്പ് പ്രകാരം അടിസ്ഥാന വസ്തു നികുതിയിൽ വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവുകൾ വരുത്തുകയും ഇളവുകൾ അനുവദിക്കുകയും ചെയ്യേണ്ടതാണ്. 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതിയുടെ 20% വർദ്ധനവ് വരുത്തേണ്ടതും, ഒന്നര മീറ്ററോ അതിൽ കുറവോ വീതിയുള്ള വഴിസൗകര്യം ഉള്ള കെട്ടിടങ്ങൾക്ക് 10% നികുതി ഇളവു നൽകേണ്ടതും, പൊതുവഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾക്ക് 20 ശതമാനം ഇളവു നൽകേണ്ടതുമാണ്. ആയതിനാൽ പഞ്ചായത്ത് പരിധിയിൽപെട്ട മുഴുവൻ റോഡുകളും സഞ്ചയയിൽ ഉൾപ്പെടുത്തിയാൽ മാത്രമേ ഒരു കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതിയിൽ വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിൽ ഇളവുകളും വർദ്ധനവുകളും വരുത്താൻ സാധിക്കുകയുള്ളൂ. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള റോഡുകൾ സഞ്ചയ റോഡ് മാസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ സഞ്ചയയിൽ കെട്ടിടത്തിന് സമീപമുള്ള റോഡിന്റെ പേര് തെരഞ്ഞെടുക്കുമ്പോൾ ശരിയായ റോഡ് തെരഞ്ഞെടുക്കാൻ കഴിയാതെ വരികയും മറ്റുള്ളവ എന്ന ഓപ്ഷൻ തെരഞ്ഞെടുക്കേണ്ടി വരികയും ചെയ്യുന്നു. അത്തരത്തിൽ റോഡ് തെരഞ്ഞെടുക്കുമ്പോൾ മിക്കറോഡുകളും ഒന്നര മീറ്ററിനും 5 മീറ്ററിനും ഇടയിൽ എന്ന ഗണത്തിൽ വരുന്നതിനാൽ വസ്തു നികുതിയിൽ വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് വരുത്തുവാൻ കഴിയാതെ വരുന്നു. ഇത് വസ്തു നികുതിയിനത്തിൽ പഞ്ചായത്തിൽ ലഭിക്കേണ്ട വരുമാനം കുറയുന്നതിന്

കാരണമാകുകയും ചെയ്യുന്നു. റോഡുകൾ സഞ്ചയ മാസ്റ്റർ രജിസ്റ്ററിൽ ചേർക്കുന്നതുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-18 കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിലെ അപാകത- ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം

ശ്രീ. റോബിൻ ബാബു മാത്യു എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് വസ്തുനികുതി 2023-24 സാമ്പത്തിക വർഷം നിർണ്ണയിച്ചിരുന്നു. കംപ്ലീഷൻ പ്ലാൻ പ്രകാരവും എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ റിപ്പോർട്ട് പ്രകാരവും കെട്ടിടത്തിന്റെ ഒന്നാം നിലയുടെ വിസ്തീർണ്ണം 362.77M^2 ആണ്. കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത് 322.26M^2ച.മീറ്ററിന് മാത്രമാണ്. വസ്തുനികുതി നിർണ്ണയിച്ചിതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

വാർഡ് നമ്പർ/ കെട്ടിട നമ്പർ	വിസ്തീർണം	നിരക്ക് (₹) (ലോഡ്ജ്)	അടിസ്ഥാന വസ്തുനികുതി (₹)	വർദ്ധനവ് 35% (₹)	ഇളവ്	ലൈബ്രറി സെസ് (₹)	നിർണ്ണയിച്ച വസ്തുനികുതി (₹)
15/706	322.26M^2	95/-	30614.7	10715/-		2066/-	43395/-

മേൽപ്പറഞ്ഞ കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിച്ചത് ഈ കെട്ടിടത്തിലെ പാസേജിന്റെ വിസ്തീർണ്ണമായ 40.51 ച. മീറ്റർ ഒഴിവാക്കിയാണ്. അതിനാൽ കെട്ടിടനികുതിയിനത്തിൽ പ്രതിവർഷം 5455/- രൂപയുടെ (40.5x 95= 3848.4 + 35% വർദ്ധനവ് + 5% ലൈബ്രറി സെസ്) നഷ്ടം ഉണ്ടാകുന്നു. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3 ഉപ ചട്ടം 4 പ്രകാരം കെട്ടിടത്തിന് ഏതെങ്കിലും ഭാഗം ഉപയോഗത്തിനായി നീക്കിവെച്ചിട്ടുണ്ടെങ്കിൽ ആ ഭാഗത്തിന്റെ തറവിസ്തീർണം ആനുപാതികമായി മറ്റ് ഭാഗങ്ങളുടെ തറ വിസ്തീർണത്തോട് കൂട്ടിച്ചേർത്ത് ആ ഭാഗങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. വസ്തുനികുതി പുനർനിർണ്ണയിച്ച് രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി-15/2024 തീയതി 19-07-2024.

1-19 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല.

2023-24 ൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 5,43,10,966/-രൂപ വകയിരുത്തി 104780 തൊഴിൽ ദിനങ്ങൾ ലക്ഷ്യമിട്ട് ആക്ഷൻ പ്ലാൻ അംഗീകരിച്ചിരുന്നു. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ 94799 തൊഴിൽ ദിനങ്ങൾ (90.4%) സൃഷ്ടിച്ചിട്ടുണ്ട്. വിവിധ പ്രവൃത്തികൾക്കായി 3,52,82,000/- രൂപ ചെലവഴിച്ചിട്ടുണ്ട് (വകയിരുത്തിയ തുകയുടെ 64.96%). 100 ദിനം തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം 712 ആണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രവൃത്തി ഇനം	ആക്ഷൻപ്ലാൻ പ്രകാരം ലക്ഷ്യമിട്ട എണ്ണം	ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണം	പൂർത്തീകരിച്ച പ്രവൃത്തികളുടെ എണ്ണം	പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ എണ്ണം	ആക്ഷൻപ്ലാൻ പ്രകാരം ലക്ഷ്യമിട്ട പ്രവൃത്തികളിൽ പൂർത്തീകരിച്ചവയുടെ ശതമാനം
1	മണ്ണ്/ജലസംരക്ഷണ പ്രവൃത്തികൾ	228	133	90	43	39.47
2	വ്യക്തിഗത പ്രവൃത്തികൾ	780	122	75	47	9.61
3	റോഡ് കോൺക്രീറ്റ്	15	0	0	0	0
4	ഫാം പോണ്ട്	38	1	0	1	0
5	വൃക്ഷത്തൈ നടീൽ	15	0	0	0	0
6	തരിശ് ഭൂമി, നിലം, സംഘകൃഷി	90	71	55	16	61.1
ആകെ					**107**	

അംഗീകൃത ആക്ഷൻ പ്ലാൻ പ്രകാരമുള്ള പദ്ധതി ലക്ഷ്യം കൈവരിക്കാനുള്ള കാര്യക്ഷമമായ നടപടികൾ ഉണ്ടാകേണ്ടതാണ്.

1-20 ഭവനപുനരുദ്ധാരണം - പൂർത്തീകരിക്കാൻ അവശേഷിക്കുന്നു.

ഭവന നിർമ്മാണ പദ്ധതികളിൽ ആദ്യഗഡു കൈപ്പറ്റിയശേഷം പണി പൂർത്തീകരിക്കാൻ അവശേഷിക്കുന്നവരുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പദ്ധതി-നാമം	ഗുണഭോക്താവിന്റെ പേര്	കൈപ്പറ്റിയ തുക (₹)	ചെക്ക് നം/ തീയതി	തൽസ്ഥിതി വിവരം
78/24 ഭവനപുനരുദ്ധാരണം എസ്.സി ആകെ അടങ്കൽ-15,00,000/-രൂപ (വികസനഫണ്ട് ജനറൽ) ആകെ ചെലവ്-13,00,000/-രൂപ (വികസനഫണ്ട് ജനറൽ)	രത്നവല്ലി, പട്ടമല ലക്ഷം വീട്, വാർഡ്-13	25000/-	56/26.3.24	പണി പൂർത്തിയായിട്ടില്ല
	അരുന്ധതി, കൊച്ചുവിളവീട്, വാർഡ്-12	25000/-	60/26.3.24	പണി പൂർത്തിയായിട്ടില്ല
18/24 ഭവനപുനരുദ്ധാരണം ജനറൽ **ആകെ അടങ്കൽ-24,00,000/-രൂപ** (വികസനഫണ്ട്-16,00,000/-രൂപ തനത് ഫണ്ട്-8,00,000/-രൂപ) **ആകെ ചെലവ്-18,72,000/-രൂപ** (വികസനഫണ്ട്-11,87,000/-രൂപ തനത് ഫണ്ട്-6,85,000/-രൂപ)	നിർമലയമ്മ, കൊച്ചുതുണ്ടിൽ വീട്, വാർഡ് 11	19000/-	330/4.1.24	പണി പൂർത്തിയായിട്ടില്ല
	സലോമി, സുജ വിലാസം, വാർഡ് 12	19000/-	592/26.3.24	
	സൂര്യ, ലക്ഷംവീട് പട്ടമല, വാർഡ് 13	19000/-	590/26.3.24	
	സുദർശന, മായാവിലാസം, മേലില വാർഡ് 5	19000/-	331.1.24	
	സൂസമ്മ, മുകളിൽ വീട്, വാർഡ് 14	19000/-	257/28.11.23	
	ഏലിയാമ്മ, ഇടശ്ശേരി വീട്, വാർഡ് മേലില	19000/-	329/4.1.24	
	രഞ്ജിത്ത് വി, രഞ്ജിനി ഭവൻ, മയിലാടുംപാറ	19000/-	331/4-1-24	
	ചിത്രലേഖ, മടിയറവിൽ വീട്, മേലില	19000/-	575/25.3.24	
	ഷീബ റേച്ചൽ, തെക്കേവിള വീട്, മേലില	19000/-	589/26.3.24	

	ലീലാമ്മ, തടത്തിൽ വിള വീട്, മൈലാടുംപാറ	19000/-	589/26.3.24	

മേൽ പ്രസ്താവിത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 1/15.07.2024.

1-21 ലൈഫ് ഭവന പദ്ധതി - ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ - വി.ഇ.ഒ.

1.

പ്രോജക്ട് നം	24/24, ലൈഫ് ഭവന പദ്ധതി (ജനറൽ)
ആകെ അടങ്കൽ	2,00,00,000/-രൂപ (വികസനഫണ്ട് ജനറൽ -24,00,000/-രൂപ, സംസ്ഥാനാവിഷ്കൃതം – 50,00,000/-രൂപ, ബ്ലോക്ക് പഞ്ചായത്ത് – 12,00,000/-രൂപ, ജില്ലാ പഞ്ചായത്ത് – 4,00,000/രൂപ, ലോൺ – 1,10,00,000/-രൂപ)
ആകെ ചെലവ്	24,30,000/-രൂപ (വികസനഫണ്ട് ജനറൽ - 9,00,000/-രൂപ, സംസ്ഥാനാവിഷ്കൃതം – 5,60,000/-രൂപ, ജില്ലാ പഞ്ചായത്ത് – 4,00,000/രൂപ, ലോൺ – 5,70,000/-രൂപ)

ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പ്രകാരം, ലൈഫ് ഭവന പദ്ധതിയുടെ താഴെ പറയുന്ന ഗുണഭോക്താക്കൾ ഒന്നാം ഗഡു തുക കൈപ്പറ്റിയെങ്കിലും ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല.

ക്രമ നം.	ഗുണഭോക്താവിന്റെ പേര്	കൈപ്പറ്റിയ തുക (₹), ബിൽ നം/ ചെക്ക് നം/തീയതി
1	മേഴ്സി ജോൺ, ചരുവിള പുത്തൻ വീട്, വാർഡ് -13	40,000/-, ബിൽ നം.-406/21-2-24
2	ഫാത്തിമാ ബീവി, അഥിനാൽ മൻസിൽ, വാർഡ്-6	40,000/-, ബിൽ നം.-516/25-3-24

2.

പ്രോജക്ട് നം.	79/24, ലൈഫ് മിഷൻ (എസ്.സി)
ആകെ അടങ്കൽ	1,40,00,000/-രൂപ (വികസനഫണ്ട് (SCP) - 46,01,388/-രൂപ, സംസ്ഥാനാവിഷ്കൃതം – 35,00,000/-രൂപ, ബ്ലോക്ക് പഞ്ചായത്ത് – 11,09,662/-രൂപ, ജില്ലാ പഞ്ചായത്ത് – 1,00,000/രൂപ, മറ്റുള്ളവ – 46,88,950/-രൂപ)
ആകെ ചെലവ്	1,02,70,000/-രൂപ (വികസനഫണ്ട് (SCP) - 35,60,000/-രൂപ, സംസ്ഥാനാവിഷ്കൃതം – 9,50,000/-രൂപ, ബ്ലോക്ക് പഞ്ചായത്ത് – 11,00,000/-രൂപ, മറ്റുള്ളവ – 46,60,000/-രൂപ)

3.

പ്രോജക്ട് നം.	192/24 (SO), ലൈഫ് ഭവന പദ്ധതി

ആകെ അടങ്കൽ	1,78,22,740/-രൂപ (വികസനഫണ്ട് (SCP) - 4,37,828/-രൂപ, സംസ്ഥാനാവിഷ്കൃതം – 50,00,000/-രൂപ, ബ്ലോക്ക് പഞ്ചായത്ത് – 7,42,200/-രൂപ, ജില്ലാ പഞ്ചായത്ത് – 10,00,000/രൂപ, മറ്റുള്ളവ – 1,06,42,712/-രൂപ)
ആകെ ചെലവ്	62,70,000/-രൂപ (വികസനഫണ്ട് (SCP) - 4,00,000/-രൂപ, സംസ്ഥാനാവിഷ്കൃതം – 17,50,000/-രൂപ, ബ്ലോക്ക് പഞ്ചായത്ത് – 7,20,000/-രൂപ ജില്ലാ പഞ്ചായത്ത് – 8,60,000/രൂപ, മറ്റുള്ളവ – 25,40,000/-രൂപ)

മേൽ പ്രസ്താവിതപദ്ധതികൾ പ്രകാരം 40,000/-രൂപ അഡ്വാൻസ് കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയും ഭവന നിർമ്മാണം ആരംഭിച്ചതായി കാണുന്നില്ല.

ക്രമ നം.	ഗുണഭോക്താവ്	കൈപ്പറ്റിയ തുക (₹), ചെക്ക് നം/തീയതി
1	രമ, പുത്തൻവിള പടിഞ്ഞാറ്റതിൽ, വാർഡ്-7	40,000/-, ബിൽ നം.-141/5-9-23
2	കൗസല്യ, തോണിവിള വീട്, വാർഡ്-3	40,000/-, ബിൽ നം.-161/29-9-23

ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ചതിന്റെ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം. 1/15.07.2024) ഭവന നിർമ്മാണം ആരംഭിച്ചിട്ടുള്ളതായി മറുപടി ലഭ്യമാക്കി. ഭവന നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ -1/15-7-24, 2/17.07.2024.

1-22 മെൻസ്ട്രൽ കപ്പ് വിതരണം നടത്തിയില്ല-ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

പ്രോജക്ട് നമ്പർ – 243/24

പ്രോജക്ടിന്റെ പേര് – മെൻസ്ട്രൽ കപ്പ് വിതരണം

അടങ്കൽ – 50,000/-രൂപ

ചെലവ് – 49,798/-രൂപ
ഫണ്ടിനം -തനത് ഫണ്ട്
അനുവാദ ഉത്തരവ് നം.-542/25.3.24
നിർവ്വഹണം-മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യാഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രസ്താവിത പദ്ധതി പ്രകാരം HLL ലൈഫ് കെയറിന്റെ പെർഫോർമ ഇൻവോയിസ് പ്രകാരം (Perfoma-No. 528/14-3-24) ആകെ 166 എണ്ണം മെൻസ്ട്രൽ കപ്പുകൾ വാങ്ങുന്നതിനായി 49,798/-രൂപ ചെലവാക്കിയിട്ടുണ്ട്. മെൻസ്ട്രൽ കപ്പുകൾ ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ടാക്സ് ഇൻവോയിസ്, വിതരണ വിവരം ഇവ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വഷണത്തിന്, 166 എണ്ണം മെൻസ്ട്രൽ കപ്പുകൾ ലഭ്യമാക്കിയിട്ടുണ്ടന്നും ആയത് വിതരണം നടത്തിയിട്ടില്ല എന്നും മറുപടി ലഭ്യമാക്കി. ആയതിനാൽ മെൻസ്ട്രൽ കപ്പുകൾ വിതരണം നടത്തി രേഖകൾ സഹിതം മറുപടി ലഭ്യമാക്കുന്നതുവരെ ചെലവ് തുക 49,798/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

ഓഡിറ്റ് എൻക്വയറി നം. 4/17.07.2024.

1-23 സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം പൂർണ്ണമായും പ്രവർത്തനസജ്ജമായില്ല.

പ്രോജക്ട് നം. - 105/24
അടങ്കൽ - 1,62,000/- രൂപ (വികസന ഫണ്ട് – പൊതുവിഭാഗം)
നിർവ്വഹണം-സെക്രട്ടറി

ചെലവ് - 1,02,495/- രൂപ
ബിൽ നം. – 29/26-3-24
സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം നടപ്പാക്കുന്നതിന്റെ ഭാഗമായി കൃ.ആർ. കോഡ് പതിപ്പിക്കുന്നതിനായി 1,02,495/-രൂപ ചെലവാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (സാ.ധാ) നം. 2341/2022/തസ്വഭവ തീയതി 26-9-2022 പ്രകാരം ഒരു വീട്/ സ്ഥാപനത്തിന് 15/-രൂപ ക്രമത്തിൽ കൃ.ആർ. കോഡ് പതിപ്പിക്കുന്നതിനായി ആണ് പ്രസ്തുത തുക ചെലവാക്കിയിട്ടുള്ളത്.

പദ്ധതിയുടെ പ്രവർത്തനം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് നിലവിൽ 90% വീടുകളിലും, കടകളിലും കൃ.ആർ കോഡ് മുഖേനയുള്ള കളക്ഷൻ നടന്നുവരുന്നു എന്നും, സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റത്തിന്റെ പ്രവർത്തനങ്ങൾ 90% പൂർത്തീകരിച്ചിട്ടുണ്ട് എന്നും അറിയിച്ചു.
പ്രവർത്തനങ്ങൾ പൂർത്തിയാക്കി പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. -20/22-7-24.

1-24 വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയില്ല: 2,47,316/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾ പ്രകാരം തുകകൾ വിവിധ നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയിട്ടുണ്ട്.

പ്രോജക്ട് നം.	പ്രവൃത്തിയുടെ പേര്	തുക (₹)/ബിൽ നം.	തുക കൈപ്പറ്റിയ സ്ഥാപനം.
223/24	സ്ട്രീറ്റ് ലൈൻ എസ്റ്റൻഷൻ	94516/- 223/6.2.24 100000/- 22301295/21-2-24 2800/- 429/6.3.24	കെ.എസ്.ഇ.ബി.
217/24	പേവിഷബാധ പ്രതിരോധം (തനത് ഫണ്ട്)	50000/- വൗച്ചർ നം. 22300723/07.10.2023	ജില്ലാ പഞ്ചായത്ത്
ആകെ		2,47,316/-	

മുകളിൽ പറഞ്ഞ നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം. 21 ന് മറുപടിയായി ആയവ ലഭ്യമായിട്ടില്ലയെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കാത്തതിനാൽ ചെലവ് തുക 2,47,316/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-25 തെങ്ങുകൃഷി പുനരുദ്ധാരണം - തുക അധികം ചെലവഴിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ
പ്രോജക്ട് : തെങ്ങുകൃഷി പുനരുദ്ധാരണം (93/24)
അടങ്കൽ – 3,17,573/-രൂപ

[3,00,680/- രൂപ (വികസന ഫണ്ട്)

16,893/- രൂപ (ഗ്രണഭോക്തൃവിഹിതം)]

ചെലവ് - 2,03,200/-രൂപ (വികസന ഫണ്ട്)

(43200/- രൂപ, ബിൽ നം. 15/26.3.24,
1,56,000/-രൂപ, ബിൽ നം. 16/26.3.24,
4,000/-രൂപ, ബിൽ നം. 17/26.3.24,
10,812/-(ഗ്രണഭോക്തൃവിഹിതം) ചെക്ക് നം. 787088/26.3.24)

രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റുന്നതിനായി തെങ്ങ് ഒന്നിന് 1,000/- രൂപാ പ്രകാരവും, പുതിയ തെങ്ങിൻതൈ വച്ചു പിടിപ്പിക്കുന്നതിന് തെങ്ങിൻതൈ ഒന്നിന് 202/-രൂപ പ്രകാരവും ഗ്രണഭോക്താക്കൾക്ക് സബ്സിഡിയായി നൽകുന്നതിനുള്ള പ്രോജക്ട് പ്രകാരം 160 തെങ്ങുകൾ മുറിച്ചു മാറ്റുകയും, 1,60,000/-രൂപ

തെങ്ങുകൾ മുറിച്ചു മാറ്റിയതിനായി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകുകയും ചെയ്തിട്ടുണ്ട്. മുറിച്ചു മാറ്റിയ തെങ്ങിൻ തൈകൾക്കു പകരം ഹൈബ്രിഡ് തെങ്ങിൻ തൈകൾ വച്ചു പിടിപ്പിക്കുന്നതിനായി ഹൈബ്രിഡ് തെങ്ങിൻ തൈ ഒന്നിന് 270/-രൂപ പ്രകാരം കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കൊട്ടാരക്കര എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി. തെങ്ങിൻ തൈകളുടെ വിലയായി വികസന ഫണ്ട് 43,200/- രൂപയും ഗുണഭോക്തൃവിഹിതം ഇനത്തിൽ സ്ഥാപനത്തിൽ അടച്ചുവരുന്ന 10,812/-രൂപയും ഉൾപ്പെടെ 54012/-രൂപ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനു നൽകി. 160 തെങ്ങിൻ തൈകൾക്ക് 270/-രൂപ ക്രമത്തിൽ സ്ഥാപനത്തിന് നൽകേണ്ടിയിരുന്ന ആകെ തുക 160x270 = 43,200/-രൂപയാണ്. 10,812/-രൂപ സ്ഥാപനത്തിന് അധികം നൽകി. ആയത് നിരാകരിക്കുന്നു. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 28.5.2022 ലെ സ.ഉ (കൈ) നം. 115/2022/തസ്വഭവ സർക്കാർ മാർഗ്ഗരേഖ പ്രകാരം തെങ്ങിൻ തൈ വാങ്ങി നൽകുന്നതിന് പൊതു വിഭാഗത്തിന് 75% സബ്സിഡി അനുവദിക്കാവുന്നതാണ്. ഇതു പ്രകാരം സബ്സിഡി ഇനത്തിൽ ചെലവഴിക്കാവുന്ന തുക 43,200/-രൂപയുടെ 75% തുകയായ 32,400/-രൂപയാണ്. സബ്സിഡി ഇനത്തിൽ 10,800/- രൂപ (43200-32400) അധികം ചെലവഴിച്ചു. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കൊട്ടാരക്കര എന്ന സ്ഥാപനത്തിന് അധികം നൽകിയിട്ടുള്ള തുക തിരികെ ഈടാക്കി 10,800/- രൂപ സർക്കാരിലേക്കും, 12/-രൂപ തനത് ഫണ്ടിലേക്കും ഒടുക്കു വരുത്തേണ്ടതാണ്. ഇതു സംബന്ധിച്ച് 18.07.2024 ൽ നൽകിയ 11-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് തുക തിരികെ ലഭിക്കുന്നതിന് KAICO-യ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും, ആയത് ലഭിക്കുന്ന മുറയ്ക്ക് തിരിച്ചടക്കുവാൻ നടപടി സ്വീകരിക്കുന്നതാണെന്നും കൃഷി ഓഫീസർ മറുപടി നൽകി.

ഓഡിറ്റ് അന്വേഷണം നം. 11/18.7.2024.

തിരാകരിച്ച തുക : 10,812/-രൂപ.

1-26 മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം തുക മുൻകൂറായി നൽകിയിട്ടും വിവിധ സ്ഥാപനങ്ങളിൽ നിന്നും മരുന്നുകൾ /ഉപകരണങ്ങൾ ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി പ്രകാരം തുക മുൻകൂറായി നൽകിയിട്ടും വിവിധ സ്ഥാപനങ്ങളിൽ നിന്നും മരുന്നുകൾ പൂർണമായും ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം./ പേര്	ആകെ അടങ്കൽ (₹)	ആകെ ചെലവു തുക (₹)	നൽകിയ തുക (₹)	ബിൽ നം./തീയതി	സ്ഥാപനം/ പെർഫോമ ഇൻവോയിസ്	ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില (₹)
82/24	300000/- (വികസന ഫണ്ട്)	3,00,000/-	3,00,000/-	3/25.3.24	ഔഷധി P845	17,378/-
26/24	300000/- (മെയിന്റനൻസ് ഫണ്ട്- നോൺ റോഡ്)	3,00,000/-	3,00,000/-	21/5.3.24	ഹോംകോ Pf852	1,05,084/-
					ആകെ	1,22,462/-

മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക്, വിതരണ രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 1,22,462/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

ഓഡിറ്റ് എൻക്വയറി നം. – 3/17.07.2024.

1-27 മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം തുക മുൻകൂറായി നൽകിയിട്ടും വിവിധ സ്ഥാപനങ്ങളിൽ നിന്നും മരുന്നുകൾ /ഉപകരണങ്ങൾ ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി പ്രകാരം തുക മുൻകൂറായി നൽകിയിട്ടും വിവിധ സ്ഥാപനങ്ങളിൽ നിന്നും മരുന്നുകൾ /ഉപകരണങ്ങൾ പൂർണമായും ലഭ്യമായില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം./ പേര്	ആകെ അടങ്കൽ (₹)	ആകെ ചെലവു തുക (₹)	നൽകിയ തുക (₹)	ബിൽ നം./തീയതി	പെർഫോമ ഇൻവോയിസ്	ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില (₹)
5/24 പ്രൈമറി ഹെൽത്ത് സെന്ററിലേക്ക് മരുന്നുവാങ്ങൽ	10,00,000/- (മെയി. ഫണ്ട് നോൺ റോഡ്)	10,00,000/-	568340/- KMSCL-	11/27-9-23	PRF-1228/ 12-9-23	175663
		-	431660/- KSDP	8/23-8-23	Ompi0049/ 19-7-23	17,441/-
6/24 സാന്ത്വന പരിചരണം	12,70,000/- (വികസന ഫണ്ട്- പൊതുവിഭാഗം- 8,70,000/-, ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 4,00,000/-)	11,26,230/-	300050/- IDH	25/27.3.24	11837@2023/11/ 13-11-23	26,404/-
					ആകെ	2,19,508/-

മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുന്നതാണെന്നും, മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് വിവരം രേഖകൾ സഹിതം അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.ആയതിനാൽ മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കി സ്റ്റോക്കിലെടുത്ത രേഖകൾ ഹാജരാക്കുന്നതുവരെ ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിലയായ 2,19,508/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

ഓഡിറ്റ് എൻക്വയറി-4/17-7-2024.

തടസ്സപ്പെടുത്തുന്ന തുക-2,19,508/- രൂപ

1-28 ഹരിത കർമ്മ സേന-അവലോകനം

അടിസ്ഥാന വിവരങ്ങൾ

മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി 15 വാർഡുകളായി 30 ഹരിതകർമ്മ സേനാംഗങ്ങളാണ് പ്രവർത്തിക്കുന്നത്. ഹരിതകർമ്മ സേനാംഗങ്ങളെ 3 ഗ്രൂപ്പാക്കി ഒരു ഗ്രൂപ്പിന് 5 വാർഡുകളുടെ ചുമതല നൽകിയിരിക്കുന്നു. ഗ്രാമപഞ്ചായത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന 1 എം.സി.എഫ്, 4 മിനി എം.സി.എഫുകൾ എന്നിവ ഉണ്ട്. നിലവിൽ 7178 ഭവനങ്ങളിലും 714 സ്ഥാപനങ്ങളിലും ഹരിതകർമ്മസേനയുടെ സേവനം ലഭിച്ചുവരുന്നു.

മാലിന്യശേഖരണ കാര്യക്ഷമത

ഹരിതകർമ്മസേനയുടെ പ്രവർത്തനം മുൻകൂട്ടി തയ്യാറാക്കിയ ആധികാരിക കലണ്ടർ പ്രകാരം നിർവഹിക്കുന്നുണ്ട്.

മാലിന്യവേർതിരിവ്

ശേഖരിക്കുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ വച്ച് തന്നെ വേർതിരിക്കുന്നുണ്ട്. വൃത്തിയാക്കിയ അജൈവമാലിന്യം പ്രധാന എം സി എഫിൽ എത്തിക്കുകയും തരംതിരിച്ചശേഷം കരാറിലേർപ്പെട്ട കമ്പനിക്ക് കൈമാറുകയും ചെയ്യുന്നു. ജൈവമാലിന്യം വേർതിരിക്കുന്നതിനായി ബൊക്കാഷി ബിന്നുകൾ വിതരണം ചെയ്യുന്നുണ്ട്.

റീസൈക്ലിംഗ്

ശേഖരിക്കുന്ന മാലിന്യങ്ങളിൽ നിന്ന് പുനരുപയോഗ സാധ്യതയുള്ളവ കണ്ടെത്തി ഉപയുക്തമാക്കുന്നതിന് നിലവിൽ സംവിധാനങ്ങൾ ഇല്ല. റീസൈക്ലിംഗിന്റെ സാധ്യത പ്രയോജനപ്പെടുത്തിക്കൊണ്ട് ഹരിതസേനയുടെ പ്രവർത്തനം കൂടുതൽ ആദായകരമാക്കാവുന്നതാണ്.

കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ മാലിന്യ സംസ്കരണം സംബന്ധിച്ച ഭേദഗതി ഉത്തരവിലെ പ്രസക്തഭാഗങ്ങൾ ലഘുലേഖകളാക്കി വിതരണം ചെയ്തിട്ടുണ്ട്. IRTC യെ ഏർപ്പെടുത്തി വിജിലൻസ് സ്ക്വാഡുകൾ പരിശോധന നടത്തി കുറ്റക്കാർക്ക് നോട്ടീസ് നൽകിവരുന്നു.

തൊഴിൽസൃഷ്ടിക്കൽ

പ്രതിമാസം ശരാശരി 8682/-രൂപ ഒരു ഹരിതസേനാംഗത്തിന് ലഭിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. ആശ്രയ-അതിദരിദ്ര ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ വിഹിതം ഹരിതകർമസേനയുടെ കൺസോർഷ്യംത്തിന് നൽകുന്നതിന് പദ്ധതി വകയിരുത്തിയിട്ടുണ്ട്

അടിസ്ഥാനസൗകര്യ വികസനം

മിനി എം.സി.എഫ്. നിലവിൽ ഇല്ലാത്ത വാർഡുകളിൽ MGNREGS ൽ ഉൾപ്പെടുത്തി മിനി എം.സി.എഫ് നിർമ്മാണത്തിന് കരാർ വച്ചിട്ടുണ്ട്.

ഹരിതകർമ്മസേനാംഗങ്ങൾക്ക് യൂണിഫോം, തൊപ്പിക്കുട എന്നിവയെല്ലാം വാങ്ങി നൽകിയിട്ടുണ്ട്. ഹരിതകർമ്മ സേന അനുബന്ധ ചെലവുകൾക്ക് 2023-24 ൽ 3,85,642/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഹരിതകർമ്മ സേനയ്ക്ക് വാഹനം വാങ്ങി നൽകിയിട്ടുണ്ട്. ദിവസവേതന അടിസ്ഥാനത്തിൽ ഡ്രൈവറെ പഞ്ചായത്ത് നിയമിച്ചിട്ടുണ്ട്. 2023-24 ൽ JEC പ്രോഗ്രാം പ്രകാരം 29,150/-രൂപ ചെലവഴിച്ചിട്ടുണ്ട്. എം.സി.എഫ്. ൽ കൺവേയർ ബെൽറ്റ്, സോർട്ടിങ് ടേബിൾ, എന്നിവയ്ക്ക് 2024-25 ൽ 4,50,000/- രൂപ വകയിരുത്തിയിട്ടുണ്ട്.

പാരിസ്ഥിതിക ആഘാതം-കൈക്കൊണ്ട നടപടികൾ

പൊതുനിരത്തിൽ മാലിന്യം വലിച്ചെറിയുന്ന പ്രവണത ഇല്ലാതാക്കുന്നതിനായി എം.സി.എഫ്. ഉൾപ്പെടെയുള്ള പ്രധാന കേന്ദ്രങ്ങളിൽ CCTV ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. 31,000/- രൂപ പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്.

പരിശീലനവും വികസനവും

എല്ലാ മാസവും കൺസോർഷ്യം മീറ്റിംഗ് കൂടുകയും ആയതിൽ ശുചിത്വ മിഷൻ ആർ.പി യുടെ നേതൃത്വത്തിൽ പരിശീലനം നൽകി വരികയും ചെയ്യുന്നുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ കെൽട്രോണിന്റെ സഹായവും ലഭ്യമാകുന്നുണ്ട്.

വരവ്-ചെലവ്

യൂസർ ഫീ - 2167800/- രൂപ

കരാർ കമ്പനിയിൽ നിന്നും ലഭിച്ച തുക - 316984/-രൂപ

ആകെ വരവ് - 2484784രൂപ

വേതനം ഇനത്തിൽ - 2236305/-രൂപ

2023-24 സാമ്പത്തിക വർഷത്തിൽ ഹരിതകർമ്മസേന അംഗങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. 2,48,479/- രൂപ കോർപ്പസ് ഫണ്ട് ഇനത്തിൽ നീക്കിയിരിപ്പുണ്ട്.

പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി

യൂസർ ഫീ നൽകുന്നതിന് പൊതുജനങ്ങൾ വിമുഖത കാട്ടുന്നു. ഒന്നിടവിട്ട മാസങ്ങളിൽ മാത്രമാണ് പലരും യൂസർ ഫീ നൽകുന്നത്. QR Code Scan ചെയ്യുന്നതിൽ സാങ്കേതിക തകരാറുകൾ നേരിടുന്നു. എം.സി.എഫിന്റെ സ്ഥലപരിമിതിമൂലം മാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ വേർതിരിക്കുന്നതിന് സാധിക്കാതെ വരുന്ന സ്ഥിതിയുണ്ട്. ബെയിലിംഗ് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്.

പ്രധാന നിർദ്ദേശങ്ങൾ

*കേരള പഞ്ചായത്തീരാജ് നിയമത്തിന്റെ സെക്ഷൻ-219 ൽ പരാമർശിക്കുന്ന നിയമ നടപടികൾ കർശനമായി

നടപ്പിൽ വരുത്തുന്നുവെന്ന് ബന്ധപ്പെട്ട അധികാരികൾ ഉറപ്പുവരുത്തേണ്ടതാണ്.
*MLP, LEGACY മാലിന്യങ്ങൾ എല്ലാ മാസവും നീക്കം ചെയ്യപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.
*"ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ-കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ" എന്ന നേട്ടം കൈവരിക്കാനുതകും വിധം പഞ്ചായത്ത് ഭരണ സംവിധാനങ്ങളുടെ ക്രിയാത്മകമായ മോണിറ്റിംഗും തുടർച്ചയായ ഇടപെടലുകളും ഉണ്ടാകേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 തെങ്ങുകൃഷി പുനരുദ്ധാരണം - തുക അധികം ചെലവഴിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ
പ്രോജക്ട് : തെങ്ങുകൃഷി പുനരുദ്ധാരണം (93/24)
അടങ്കൽ – 3,17,573/-രൂപ

[3,00,680/- രൂപ (വികസന ഫണ്ട്)

16,893/- രൂപ (ഗുണഭോക്തൃവിഹിതം)]

ചെലവ് - 2,03,200/-രൂപ (വികസന ഫണ്ട്)

(43200/- രൂപ, ബിൽ നം. 15/26.3.24,
1,56,000/-രൂപ, ബിൽ നം. 16/26.3.24,
4,000/-രൂപ, ബിൽ നം. 17/26.3.24,
10,812/-(ഗുണഭോക്തൃവിഹിതം) ചെക്ക് നം. 787088/26.3.24)

രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റുന്നതിനായി തെങ്ങ് ഒന്നിന് 1,000/- രൂപ പ്രകാരവും, പുതിയ തെങ്ങിൻതൈ വച്ചു പിടിപ്പിക്കുന്നതിന് തെങ്ങിൻതൈ ഒന്നിന് 202/-രൂപ പ്രകാരവും ഗുണഭോക്താക്കൾക്ക് സബ്സിഡിയായി നൽകുന്നതിനുള്ള പ്രോജക്ട് പ്രകാരം 160 തെങ്ങുകൾ മുറിച്ചു മാറ്റുകയും, 1,60,000/-രൂപ തെങ്ങുകൾ മുറിച്ചു മാറ്റിയതിനായി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകുകയും ചെയ്തിട്ടുണ്ട്. മുറിച്ചു മാറ്റിയ തെങ്ങിൻ തൈകൾക്കു പകരം ഹൈബ്രിഡ് തെങ്ങിൻ തൈകൾ വച്ചു പിടിപ്പിക്കുന്നതിനായി ഹൈബ്രിഡ് തെങ്ങിൻ തൈ ഒന്നിന് 270/-രൂപ പ്രകാരം കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കൊട്ടാരക്കര എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി. തെങ്ങിൻ തൈകളുടെ വിലയായി വികസന ഫണ്ട് 43,200/- രൂപയും ഗുണഭോക്തൃവിഹിതം ഇനത്തിൽ സ്ഥാപനത്തിൽ അടച്ചുവരുന്ന 10,812/-രൂപയും ഉൾപ്പെടെ 54012/-രൂപ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനു നൽകി. 160 തെങ്ങിൻ തൈകൾക്ക് 270/-രൂപ ക്രമത്തിൽ സ്ഥാപനത്തിന് നൽകേണ്ടിയിരുന്ന ആകെ തുക 160x270 = 43,200/-രൂപയാണ്. 10,812/-രൂപ സ്ഥാപനത്തിന് അധികം നൽകി. ആയത് നിരാകരിക്കുന്നു. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 28.5.2022 ലെ സ.ഉ (കൈ) നം. 115/2022/തസ്വഭവ സർക്കാർ മാർഗ്ഗരേഖ പ്രകാരം തെങ്ങിൻ തൈ വാങ്ങി നൽകുന്നതിന് പൊതു വിഭാഗത്തിന് 75% സബ്സിഡി അനുവദിക്കാവുന്നതാണ്. ഇതു പ്രകാരം സബ്സിഡി ഇനത്തിൽ ചെലവഴിക്കാവുന്ന തുക 43,200/-രൂപയുടെ 75% തുകയായ 32,400/-രൂപയാണ്. സബ്സിഡി ഇനത്തിൽ 10,800/- രൂപ (43200-32400) അധികം ചെലവഴിച്ചു. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കൊട്ടാരക്കര എന്ന സ്ഥാപനത്തിന് അധികം നൽകിയിട്ടുള്ള തുക തിരികെ ഈടാക്കി 10,800/- രൂപ സർക്കാരിലേക്കും, 12/-രൂപ തനത് ഫണ്ടിലേക്കും ഒടുക്കു വരുത്തേണ്ടതാണ്. ഇതു സംബന്ധിച്ച് 18.07.2024 ൽ നൽകിയ 11-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് തുക തിരികെ ലഭിക്കുന്നതിന് KAICO-യ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും, ആയത് ലഭിക്കുന്ന മുറയ്ക്ക് തിരിച്ചടക്കുവാൻ നടപടി സ്വീകരിക്കുന്നതാണെന്നും കൃഷി ഓഫീസർ മറുപടി നൽകി.

ഓഡിറ്റ് അന്വേഷണം നം. 11/18.7.2024.

തിരാകരിച്ച തുക : 10,812/-രൂപ.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2023-24	11-07-24 മുതൽ 12-07-2024 വരെ	കെ.എസ്.എ.കെ.എൽ.എം.പി.11/1407/24 തീയതി – 17/08/2024

4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക (രൂപ)	പ്രോജക്ടിന്റെ പേര്	ചെലവ് (രൂപ)	ബാലൻസ് (രൂപ)
ബ്ലോക്ക് പഞ്ചായത്ത്	2023-24	300050/-	സ്വാന്തന പരിചരണം – 6/24	300050/-	0
		720000/-	ലൈഫ് (SCP) – 192/24	720000/-	0
		1100000/-	ലൈഫ് (SCP) – 79/24	1100000/-	0
		200000/-	അന്നപൂരക പോഷകാഹാര പരിപാടി പ്രോജക്ട് നമ്പർ – 28/24	200000/-	0
		49992/-	പാലിന് സബ്സിഡി (ജനറൽ) പ്രോജക്ട് നമ്പർ -72/24	49992/-	0
		150000/-	ഭിന്ന ശേഷികുട്ടികൾക്ക് സ്കോളർഷിപ്പ് പ്രോജക്ട് നമ്പർ – 34/24	150000/-	0
		2520042/-	**ആകെ**	**2520042/-**	0
ജില്ലാ പഞ്ചായത്ത്	2023-24	50000/-	അന്നപൂരക പോഷകാഹാര പരിപാടി പ്രോജക്ട് നമ്പർ – 28/24	50000/-	0
		400000/-	ലൈഫ് മിഷൻ -ജനറൽ – 24/24	400000/-	0
		300000/-	ലൈഫ് മിഷൻ -ജനറൽ – 189/24	300000/-	0
		44000/-	ഭിന്ന ശേഷികുട്ടികൾക്ക് സ്കോളർഷിപ്പ് പ്രോജക്ട് നമ്പർ – 34/24	44000/-	0
		860000/-	ലൈഫ് (SCP) – 192/24	860000/-	0
		21318/-	പാലിന് സബ്സിഡി (ജനറൽ) പ്രോജക്ട് നമ്പർ -72/24	21318/-	0
		1675318/-	**ആകെ**	**1675318/-**	

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക (രൂപ)	ചെലവഴിച്ച തുക (രൂപ)	ചെലവഴിക്കാൻ ബാക്കിയുള്ള തുക (രൂപ)

കെ.എസ്.ഇ.ബി.	പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	22301009/ 08-12-23	59,694/-	-	59,694/-
കെ.എസ്.ഇ.ബി.	സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ	22301295/ 21-02-2024	1,97,316/-	-	1,97,316/-

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് KURDF വായ്പയിനത്തിൽ വാർഷിക ധനകാര്യ പത്രിക പ്രകാരം 97,60,000/-രൂപ വരവുണ്ട്. അതിൽ 73,00,000/-രൂപ തൻവർഷവും 24,60,000/-രൂപ 2022-23 ലും അക്കൗണ്ടിൽ ക്രഡിറ്റ് ആയതാണ്. മുൻ വർഷം ക്രഡിറ്റ് ആയ തുക വാർഷിക കണക്കിൽ വരവായി ഉൾപ്പെടുത്തിയിരുന്നില്ല. മുൻബാക്കി 32,30,000/- രൂപയടക്കം 1,29,90,000/-രൂപയിൽ 77,70,000/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തീയതി	വായ്പ തുക (രൂപ)	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (രൂപ)	തൻവർഷം തിരിച്ചടച്ച തുക (രൂപ)		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂപ)
				മുതൽ	പലിശ	
ഭവന വായ്പ	80285/ DB1/13/ LSGD 16.01.2014		0	0		പലിശയിനത്തിൽ 24,337/-രൂപ ഒടുക്കുവാൻ അവശേഷിക്കുന്നുണ്ടെന്ന് പഞ്ചായത്ത് അറിയിച്ചു.
KURDFC	-	97,60,000/-	1,75,91,500/-	24,37,085/-		2,49,14,415/-

4-6 സ്ഥിരനിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 5,366/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക (രൂപ)	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രശീത് നമ്പർ/ തീയതി
2021-22	1-19	5366/-	ശ്രീമതി. ഷീജാ മോൾ അസിസ്റ്റന്റ് എഞ്ചിനീയർ	1230100790/ 26-06-23

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2001-02	3.6	2006-07	3.11.5	ഹോമിയോ ഡിസ്പെൻസറി	ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സമിതി (2014-16), 43-ാമത് റിപ്പോർട്ട് പ്രകാരം ഒഴിവാക്കി.

2002-03	3.15	2006-07	3.11.7	നിക്ഷേപ വേലകൾ പൂർത്തിയാക്കിയിട്ടില്ല	ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സമിതി (2014-16), 43-ാമത് റിപ്പോർട്ട് പ്രകാരം തുടർനടപടിക്ക് ശിപാർശ ചെയ്യ.

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക (രൂപ)		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
3-1	ഇല്ല	10,812/-	ശ്രീമതി സുമയ്യ, കൃഷി ഓഫീസർ

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (രൂപ)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-22	49,798/-	ഡോ. അജിതകുമാരി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.
1-24	2,47,316/-	ശ്രീമതി സുനിത ജി എസ്, സെക്രട്ടറി
1-26	1,22,462/-	ഡോ. ആമിന, മെഡിക്കൽ ഓഫീസർ, ഹോമിയോ
1-27	2,19,508/-	ഡോ. അജിതകുമാരി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

(ബി) • കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക (രൂപ)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-11	53,734/-	ശ്രീമതി സുനിത ജി എസ്, സെക്രട്ടറി

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി സുനിത ജി എസ്, സെക്രട്ടറി	സെക്രട്ടറി മേലില ഗ്രാമപഞ്ചായത്ത്	മൺതടത്തിൽ വീട്, പകൽക്കുറി പി ഒ തിരുവനന്തപുരം
ഡോ. അജിത കുമാരി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, മേലില ഗ്രാമപഞ്ചായത്ത്	ശ്രീപാർവതി, പെരുംകുളം പി ഒ, കൊട്ടാരക്കര
ഡോ. ആമിന, മെഡിക്കൽ ഓഫീസർ, ഹോമിയോ	മെഡിക്കൽ ഓഫീസർ, ഹോമിയോ മേലില ഗ്രാമപഞ്ചായത്ത്	കായാവിൽ ഹൗസ്, ഉമയനല്ലൂർ പി ഒ, കൊല്ലം
ശ്രീമതി സുമയ്യ, കൃഷി ഓഫീസർ	കൃഷി ഓഫീസർ, മേലില ഗ്രാമപഞ്ചായത്ത്	സുമയ്യ മൻസിൽ, കെ.എസ്. പുരം പി.ഒ., കടത്തൂർ, കരുനാഗപ്പള്ളി

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ്	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും	തീർപ്പാക്കാൻ

റിപ്പോർട്ട് വർഷം	ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1996-97	കെ.എസ്.എ.കെ.എൽ.എം.പി11/399(1)/23-2-18	1
1997-98	കെ.എസ്.എ.കെ.എൽ.എം.പി11/399(2)/23-2-18	3
1998-99	കെ.എസ്.എ.കെ.എൽ.എം.പി11/399(3)/23-2-18	7
1999-2000	കെ.എസ്.എ.കെ.എൽ.എം.പി11/399(4)/23-2-18	4
2000-01	കെ.എസ്.എ.കെ.എൽ.എം.പി11/399(5)/23-2-18	6
2001-02	കെ.എസ്.എ.കെ.എൽ.എം.പി11/399(6)/23-2-18	3
2002-03	കെ.എസ്.എ.കെ.എൽ.എം.പി11/399(7)/23-2-18	8
2003-04	കെ.എസ്.എ.കെ.എൽ.എം.പി11/399(8)/23-2-18	8
2004-05	കെ.എസ്.എ.കെ.എൽ.എം.പി11/399(9)/23-2-18	2
2005-06	കെ.എസ്.എ.കെ.എൽ.എം.പി11/399(10)/തീയതി.23-2-18	8
2006-07	കെ.എസ്.എ.കെ.എൽ.എം.പി11/738(1)/2019 തീയതി. 31.05.19	15
2007-08	കെ.എസ്.എ.കെ.എൽ.എം.പി11/738(2)/2019 തീയതി. 31.05.19	12
2008-09	കെ.എസ്.എ.കെ.എൽ.എം.പി11/738(3)/2019 തീയതി. 31.05.19	10
2009-10	കെ.എസ്.എ.കെ.എൽ.എം.പി11/738(4)/2019 തീയതി. 31.05.19	8
2010-11	കെ.എസ്.എ.കെ.എൽ.എം.പി11/738(5)/2019 തീയതി. 31.05.19	7
2011-12, 2012-13	കെ.എസ്.എ.കെ.എൽ.എം.പി.11/അദാലത്ത്/2011-12 & 2012-13/501/22 (1) തീയതി. 19.08.22	18
2013-14, 2014-15	കെ.എസ്.എ.കെ.എൽ.എം.പി.11/അദാലത്ത്/2013-14 & 2014-15/501/22 (2) തീയതി. 19.08.22	22
2015-16	കെ.എസ്.എ.കെ.എൽ.എം.പി.11/അദാലത്ത്/ 2015-16/501/22 (3) തീയതി. 19.08.22	9
2016-17	കെ.എസ്.എ.കെ.എൽ.എം. പി11/1544/2017/ തീയതി. 16.09.2017	12
2017-18	കെ.എസ്.എ.കെ.എൽ.എം.പി11/1711/2018 തീയതി. 21.1.2019	14
2018-19	കെ.എസ്.എ.കെ.എൽ.എം.പി11/429/2020 തീയതി. 20-05-2020	9
2019-20	കെ.എസ്.എ.കെ.എൽ.എം.പി11/249/2022 തീയതി. 12-05-2022	12
2020-21	കെ.എസ്.എ.കെ.എൽ.എം.പി11/1688/2021 തീയതി. 18-07-2022	9
2021-22	കെ.എസ്.എ.കെ.എൽ.എം.പി11/2230/22 തീയതി. 27.03.23	11
2022-23	കെ.എസ്.എ.കെ.എൽ.എം.പി11/1757/23തീയതി. 02.11.23	എല്ലാ ഖണ്ഡികകളും

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 24-05-2024 and submitted on 30-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the Melila Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Melila Grama Panchayat as on 31-03-2024

Date: 17/08/2024

Deputy Director
District Office Kollam
Kerala State Audit Department

Audit Report appended to the Audit Certificate of Melila Grama Panchayat for the Year 2023-2024 .

1.Major Observations

2.Other Observations

1) The following mandatory financial statements prescribed in accounting rules are not submitted for audit.

Ratios, notes on accounts.

2) Cashflow statement- Net increase /decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3) Non transfer of stale cheque to liability head.

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ മേലില ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-3

അനുബന്ധപത്രികകൾ

1	റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്	സംക്ഷിപ്തം (Audited Abstract)
2	ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്	
3	ബാലൻസ് ഷീറ്റ്	

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.